**ചരമോപചാരം**

ഒ. എൻ. വി. കുറുപ്പ്

മി. സ്പീക്കർ: ഓർഡർ . . . . ഓർഡർ . . . . മലയാളത്തിന്റെ പ്രിയകവി ഒ. എൻ. വി. കുറുപ്പ് ഫെബ്രുവരി 13-ന് അന്തരിച്ചു.

കഴിഞ്ഞ 65-ലേറെ വർഷങ്ങളായി മലയാള കവിതയുടെ ഗതിവിഗതികളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ കവിയാണ് ഒ. എൻ. വി. കുറുപ്പ്. കൊല്ലം ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ.എൻ. കൃഷ്ണക്കുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി 1931 മെയ് 27-നാണ് അദ്ദേഹം ജനിച്ചത്. 1957-ൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം തുടങ്ങി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജിലും തലശ്ശേരി ഗവൺമെന്റ് കോളേജിലും തിരുവനന്തപുരം വിമൻസ് കോളേജിലും സേവനമനുഷ്ഠിച്ചു.

ജ്ഞാനപീഠ പുരസ്കാരമുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. പത്മശ്രീ, പത്മവിഭൂഷൻ പുരസ്കാരങ്ങൾ നൽകി രാഷ്ട്രം

അദ്ദേഹത്തെ ആദരിച്ചു. കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾ, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, സോവിയറ്റ് ലാന്റ് നെഹ്റു പുരസ്കാരം, ചങ്ങമ്പുഴ പുരസ്കാരം, ആശാൻ പുരസ്കാരം, ഭാരതീയ ഭാഷാ പരിഷത് അവാർഡ്, മഹാകവി ഉള്ളൂർ പുരസ്കാരം, ഓടക്കുഴൽ പുരസ്കാരം, ബഹറിൻ കേരളീയ സമാജം സാഹിത്യ പുരസ്കാരം, രാമാശ്രമം ട്രസ്റ്റ് അവാർഡ് എന്നിങ്ങനെ പുരസ്കാരങ്ങൾ അനവധി.

മലയാള സിനിമ, നാടക ഗാനരംഗത്ത് അദ്ദേഹം ചെയ്ത സേവനങ്ങൾ അവിസ്മരണീയമാണ്. സിനിമാഗാനരചനയ്ക്ക് ദേശീയ അവാർഡും 13 പ്രാവശ്യം സംസ്ഥാന അവാർഡും അദ്ദേഹത്തിന് ലഭിച്ചു. നാടക-ലളിത ഗാനരചനയ്ക്കും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

വെളിച്ചത്തിന്റെ കവിയാണ് ഒ.എൻ.വി. സമസ്ത ജീവജാലങ്ങളോടും മണ്ണിനോടും പുഴയോടും സൂര്യനോടും നക്ഷത്രങ്ങളോടും പൂക്കളോടുമെല്ലാം ഹൃദയപക്ഷം ചേർന്നുനിൽക്കുന്ന ഭാവഗീതങ്ങൾ സമ്മാനിച്ച കവിയാണ് അദ്ദേഹം. എല്ലാ കവിതയിലും വെളിച്ചം നിറയ്ക്കാനാണദ്ദേഹത്തിന് താൽപ്പര്യം. പ്രത്യാശയുടെ പ്രകാശം നിറഞ്ഞവയാണ് അദ്ദേഹത്തിന്റെ കവിതകൾ. സ്നേഹത്തിന്റെയും സ്വപ്നങ്ങളുടെയും ലോകത്തിന്റെ വെളിച്ചമാണ് ആ

കവിതകൾ. മനുഷ്യൻ കവിയായി മാറുന്നത് ജീവിതാവബോധത്തെ കാവ്യാത്മകമായി ആവിഷ്കരിക്കുന്നതിലൂടെയാണ്. സഹജീവികളുടെ സഹനങ്ങളെയും ദുരന്തങ്ങളെയും അടുത്തറിയാനുള്ള ശ്രമത്തിൽ നിന്നാണ് ഒരു കവി പിറക്കുന്നത്. ഒ.എൻ.വി.യിലെ കവിയുടെ ജനനവും അങ്ങനെതന്നെ. ജീവിതാവബോധമാണ് ഒ.എൻ.വി. കവിതകളുടെ ഉറവിടം. അനുഭവസത്യങ്ങളിലൂന്നിയാണ് അദ്ദേഹത്തിലെ കവിയുടെ വളർച്ച. ചുറ്റുപാടുകളിൽ നിന്നും അദ്ദേഹം ഊർജ്ജം ഉൾക്കൊണ്ടു.

ഒ.എൻ.വി. യുടെ ആദ്യം പ്രസിദ്ധീകരിച്ച കവിത 1964-ലെ "മുന്നോട്ട്" എന്ന കവിതയായിരുന്നു. 1949-ൽ "പൊരുതുന്ന സൗന്ദര്യം" എന്ന ആദ്യ കവിതാ സമാഹാരം പുറത്തുവന്നു. 1956-ൽ "ദാഹിക്കുന്ന പാനപാത്രം" പുറത്തിറങ്ങി. ഇതിൽ ആദ്യകാല കവിതകൾ സമാഹരിച്ചിരിക്കുന്നു. തുടർന്ന് അനേകമനേകം കവിതാസമാഹാരങ്ങൾ, ഗദ്യകൃതികൾ, ഗാനസമാഹാരങ്ങൾ. ഇങ്ങനെ മലയാള സാഹിത്യത്തിന് അദ്ദേഹം ചെയ്ത സേവനങ്ങൾ നമുക്കെല്ലാവർക്കുമറിയാം.

ഭാഷയിൽ ശക്തിയുടെയും വെളിച്ചത്തിന്റെയും ഭാഗത്ത് നിൽക്കുന്ന കവിയാണ് ഒ.എൻ.വി. കുറുപ്പ്. രചനകളുടെ വൈവിധ്യം, ലാളിത്യം, തുടങ്ങിയവ

ഒ.എൻ.വി. കവിതകളുടെ പ്രത്യേകതയാണ്. കാല്പനിക വിഷാദവും വ്യക്തിഗത ദു:ഖങ്ങളും ദർശനങ്ങളുടെ നിറഭേദങ്ങളും അദ്ദേഹത്തിന്റെ കവിതയിൽ ദർശിക്കാം.

കരുണയും കരുത്തും നിറയുന്ന കവിതകളിലൂടെ മലയാള ഭാഷയെ ധന്യമാക്കിയ കവിയാണ് ഒ.എൻ.വി. കവിതയിലൂടെ തന്നെത്തന്നെ അവതരിപ്പിക്കുന്നുവെന്നത് അദ്ദേഹത്തിന്റെ ഒരു സവിശേഷതയായി കണക്കാക്കാം. തനിക്കുചുറ്റുമുള്ള സകലകാര്യങ്ങളും കവി കവിതയ്ക്ക് വിഷയമാക്കുന്നുണ്ട്. ചുറ്റും നടക്കുന്ന ധർമ്മച്യുതിക്കെതിരെ അദ്ദേഹം വാളോങ്ങുന്നുമുണ്ട്.

കവിതകളെപ്പോലെതന്നെ, ഒ.എൻ.വി.യുടെ സിനിമാ/നാടക ഗാനങ്ങളും അതിമനോഹരവും മോഹനസുന്ദരവുമാണ്. പാട്ടിൽ ഒരു സംഗീതമേള ചമയ്ക്കുകയാണ് കവി ചെയ്തിരിക്കുന്നത്. പാട്ടിനെ ഇത്രയധികം സംഗീത സങ്കൽപ്പങ്ങളിൽ അഗാധമാക്കിയ മറ്റൊരാളില്ല. ചലച്ചിത്രലോകത്ത് മാത്രമല്ല, എല്ലാ രംഗത്തും അദ്ദേഹം പ്രശസ്തനായിരുന്നു. സംഗീതത്തിന്റെ സൗന്ദര്യാത്മക ഭാവങ്ങളൊക്കെയും കലർന്നിട്ടുള്ള സ്നേഹസ്പർശമാണ് ഒ.എൻ.വി.യുടെ പാട്ടുകൾ. ഓരോ വരിയിലും നിറയുന്നത് സംഗീതമാണ്.

പാട്ടിനുള്ളിൽ പാട്ടിന്റെ മറ്റൊരു സൗന്ദര്യലോകം സൃഷ്ടിച്ച ഗാനരചയിതാവാണ് ഒ.എൻ.വി.

ആയിരക്കണക്കിന് ഗാനങ്ങൾ ഒ.എൻ.വി. രചിച്ചിട്ടുണ്ട്. അവ ഓരോന്നിലും അദ്ദേഹത്തിന്റെ വ്യക്തിത്വം നിറഞ്ഞിരിക്കുന്നു. നാടകത്തിനായാലും സിനിമക്കായാലും അദ്ദേഹം രചിച്ച ഗാനങ്ങളെല്ലാം ആർദ്രതയുടെയും ലാളിത്യത്തിന്റെയും സംഗീതാത്മക പര്യായങ്ങളാണ്.

കേരള കലാമണ്ഡലം ചെയർമാൻ, കേന്ദ്രസാഹിത്യ അക്കാദമി അംഗം, കേരള സാഹിത്യ അക്കാദമി അംഗം, ഇന്ത്യൻ പ്രോഗ്രസീവ് റൈറ്റേഴ്സ് ദേശീയ അദ്ധ്യക്ഷൻ എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റി കോളേജിൽ മൂന്നുവർഷം അദ്ദേഹത്തിന്റെ ശിഷ്യനാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. എന്റെ രാഷ്ട്രീയ ജീവിതത്തിൽ അദ്ദേഹം നൽകിയ വിലപ്പെട്ട ഉപദേശങ്ങൾ എന്നും എനിക്ക് മാർഗ്ഗദർശകമായിരുന്നു. കേരള നിയമസഭയുടെ ആദ്യ സ്പീക്കർ ആർ. ശങ്കരനാരായണൻ തമ്പിയുടെ സ്മരണ നിലനിർത്തുവാൻ നിയമസഭാ മന്ദിരത്തിൽ സ്മാരകം വേണമെന്ന നിർദ്ദേശം അദ്ദേഹം രേഖാമൂലം നൽകിയതിനുപുറമെ നേരിട്ടും എന്നോട് ആവശ്യപ്പെട്ട കാര്യം ഈ അവസരത്തിൽ ഞാൻ സ്മരിക്കുന്നു. മലയാള ഭാഷയ്ക്ക്

ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുവാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ സ്മരണീയമാണ്.

ഒ.എൻ.വി. കുറുപ്പിന്റെ നിര്യാണത്തോടെ, സുദീർഘമായ കാവ്യസപര്യയിലൂടെ നന്മയുടെ വെളിച്ചവും അക്ഷര ചൈതന്യവും പകർന്നു നൽകിയ മഹാകവിയേയും ഗുരുനാഥനേയും മാനവികതയുടെ മുന്നണി പോരാളിയേയുമാണ് സാംസ്കാരിക കേരളത്തിന് നഷ്ടമായിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒ.എൻ.വി. സാറിനെക്കുറിച്ച് അങ്ങിവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയാണ്. മലയാളത്തിന്റെ പ്രിയകവിയായി, നാമെല്ലാം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒ.എൻ.വി. സാർ ഓർമ്മകളിലേയ്ക്ക് വിടവാങ്ങി. കഴിഞ്ഞ രണ്ടുദിവസങ്ങളായി അദ്ദേഹത്തിന് പ്രണാമം അർപ്പിക്കാനെത്തിയ ജനസഞ്ചയം, അദ്ദേഹത്തെ ജനങ്ങൾ എങ്ങനെ കണ്ടിരുന്നുവെന്നതിന്റെയും എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നതിന്റെയും വ്യക്തമായ ദൃഷ്ടാന്തമാണ്. പ്രകൃതിസ്നേഹി എന്ന നിലയിലും മലയാളത്തിന്റെ പ്രിയകവി എന്ന നിലയിലും അദ്ദേഹം മലയാളികളുടെ  മനസ് കീഴടക്കി. ഏതാണ്ട് 70 വർഷത്തോളം തന്റെ കലാ-സാംസ്കാരിക-സാഹിത്യ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്

പ്രകാശവും പ്രതീക്ഷയും പകർന്നുതന്നു. സ്വതന്ത്ര കേരളത്തോടൊപ്പമാണ് അദ്ദേഹം വളർന്നത്. നമ്മുടെ നാട് നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും വെല്ലുവിളികളും അദ്ദേഹത്തിന്റെ സർഗ്ഗസൃഷ്ടിക്ക് പാത്രീഭവിച്ചു. പ്രകൃതിയേയും മണ്ണിനേയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് അദ്ദേഹം നിരന്തരം വിരൽചൂണ്ടി. പുതിയൊരു ലോകത്തിനുവേണ്ടിയുള്ള പ്രതീക്ഷ അദ്ദേഹം തലമുറകൾക്ക് പകർന്നുതന്നു. അദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന് വിപുലമായ ശിഷ്യസമ്പത്താണുള്ളത്; ഒ.എൻ.വി. സാർ പഠിപ്പിച്ചിട്ടുണ്ടെന്ന് അവരെല്ലാം അഭിമാനത്തോടെയാണ് പറയുന്നത്. മാതൃഭാഷയുടെ കാവൽഭടനായിരുന്നു അദ്ദേഹം. മലയാളത്തെ ശ്രേഷ്ഠഭാഷയാക്കാനും ഔദ്യോഗിക ഭാഷയാക്കാനും അദ്ദേഹം മുൻനിരയിലുണ്ടായിരുന്നു. ഇവ രണ്ടും സാധിച്ചെടുക്കുന്നതിന് അദ്ദേഹം നൽകിയ പിന്തുണയും നേതൃത്വവും എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. കലാ-സാംസ്കാരിക-സാഹിത്യ പരമായി അദ്ദേഹം മലയാളികളെ ഔന്നത്യങ്ങളിലേയ്ക്ക് നയിച്ചു. കേരളം അദ്ദേഹത്തോട് എക്കാലവും കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ സർഗ്ഗസൃഷ്ടികളാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സ്മാരകശിലകൾ. അവ കാലത്തെ അതിജീവിക്കുന്നവയും തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്നവയുമാണെങ്കിലും

അദ്ദേഹത്തിന്റെ മരിക്കാത്ത ഓർമ്മകൾ നിലനിർത്താൻ സമൂഹത്തിനും സർക്കാരിനും പ്രതിജ്ഞാബദ്ധതയുണ്ട്. അതിന് തിരുവനന്തപുരത്ത് അദ്ദേഹത്തിന്റെ ഒരു പ്രതിമ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്ന കാര്യം ഈ അവസരത്തിൽ ഞാൻ അറിയിക്കുകയാണ്. അദ്ദേഹത്തിന്റെ ജന്മനാടായ ചവറയിൽ ഒ.എൻ.വി. കവിതകളുടെ ദൃശ്യാവിഷ്കാരം ഉൾപ്പെടുത്തി കലാഗ്രാമം സ്ഥാപിക്കാൻ സ്ഥലം എം.എൽ.എ. കൂടിയായ മന്ത്രി ശ്രീ. ഷിബു ബേബി ജോണിന്റെയും സാംസ്കാരിക വകുപ്പുമന്ത്രിയായ ശ്രീ. കെ. സി. ജോസഫിന്റെയും നിർദ്ദേശം പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുമ്പിൽ എന്റെ പ്രണാമം അർപ്പിക്കുന്നതോടൊപ്പം വേർപാടിലുള്ള അഗാധമായ ദു:ഖം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മഹാകവി ഒ.എൻ.വി. കുറുപ്പിന്റെ വേർപാടുമൂലം മലയാളഭാഷയ്ക്കും മലയാളിക്കാകെയും ഉണ്ടായിട്ടുള്ള വേദനയിലും തീരാദുഃഖത്തിലും ഞാനും പങ്കുചേരുകയാണ്. നമ്മുടെ ഭാഷയെയും സാഹിത്യത്തെയും ജ്ഞാനപീഠത്തിന്റെ ഉത്തുംഗനിരയിലേയ്ക്ക് എത്തിക്കുകയും ദേശാന്തരങ്ങളിലേയ്ക്ക് അതിന്റെ പരിമളം പരത്തുകയും ചെയ്ത ഒ.എൻ.വി., മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും പുണ്യമാണ്. നമ്മുടെ

പ്രിയപ്പെട്ട മലയാളത്തെ ശ്രേഷ്ഠഭാഷയുടെ സിംഹാസനത്തിൽ കുടിയിരുത്തുന്നതിന് അദ്ദേഹം നടത്തിയ ഇടപെടലുകൾ ഭാഷാ ചരിത്രത്തിന്റെ ദീപ്തമായ ഒരദ്ധ്യായമാണ്. കഴിഞ്ഞ ഏഴു പതിറ്റാണ്ടോളമായി മലയാള കാവ്യശാഖയുടെ വികാസപരിണാമ ഘട്ടങ്ങളിലെല്ലാം ശിരസ്സുയർത്തിനിന്ന് മഹാമേരുവിനെപ്പോലെ ഒ.എൻ.വി. 1940-കളിൽ ആരംഭിച്ച അദ്ദേഹത്തിന്റെ ഭൈരവീസപര്യ അൽപ്പംപോലും ഊനംതട്ടാതെ ആയിരം പൂർണ്ണചന്ദ്രന്മാരെ കൺകുളിർക്കെ കാണുന്നതുവരെ തുടർന്നു. അവസാനകാലംവരെ അദ്ദേഹത്തിന്റെ ചിന്തകൾക്കും സ്വപ്നങ്ങൾക്കും ഭാവനകൾക്കും എന്ത് തീക്ഷ്ണമാധുര്യമായിരുന്നുവെന്ന് നാം ഇപ്പോൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയാണ്. ജീവിതത്തിന്റെയും കാലത്തിന്റെയും മഹാപ്രവാഹത്തോടൊപ്പം ഒ.എൻ.വി.യുടെ അക്ഷരസുകൃതം താരും തളിരും അണിഞ്ഞ് ചാരുതയോടെ മലയാളിയെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരർത്ഥത്തിൽ അത് സുഗന്ധവാഹിനിയായി കാലത്തിനും അപ്പുറത്തേയ്ക്ക് ഒഴുകിപ്പരക്കുകയും ചെയ്തു. അനശ്വരങ്ങളായ നിരവധി കാവ്യങ്ങൾക്കൊപ്പം മലയാളിയുടെ നാവിൻതുമ്പിൽ എന്നും തത്തിക്കളിക്കുന്ന ഹൃദയഹാരിയായ ചലച്ചിത്രഗാനങ്ങൾകൊണ്ടും ഒ.എൻ.വി., മലയാളഭാഷയെയും സാഹിത്യത്തെയും ധന്യമാക്കി. 'പൊന്നരിവാൾ അമ്പിളിയിൽ കണ്ണെറിയുന്നോളെ' എന്നുപാടി മലയാളിയെ ഇന്നും

ഉണർത്തിക്കൊണ്ടിരിക്കുകയാണ് ആ അക്ഷരപുണ്യം. കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ചരിത്രത്തെ പുതുക്കിപ്പണിയുന്നതിന് കെ.പി.എ.സി. നിർവ്വഹിച്ച സൗഹൃദ ദൗത്യത്തിന്റെ പങ്ക് ഒ.എൻ.വി.ക്കുകൂടി അവകാശപ്പെട്ടതാണ്. നവോത്ഥാന കാലത്തിന്റെ ഇങ്ങേതലയ്ക്കൽനിന്ന് മധുരം കനിയുന്ന കവിതകൾകൊണ്ടും പാട്ടുകൾകൊണ്ടും ആ സാമൂഹ്യ-രാഷ്ട്രീയ ദൗത്യത്തിന് ഒ.എൻ.വി. അനിതരസാധാരണമായ ഭാവുകത്വം നൽകി. എഴുത്തിനും ജീവിതത്തിനും എന്നും ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾക്കൊപ്പം അദ്ദേഹം നിലയുറപ്പിച്ചു. നിർണ്ണായക സാമൂഹിക സാംസ്കാരിക സന്ദർഭങ്ങളിലെല്ലാം അദ്ദേഹം മനുഷ്യന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും ഏറ്റുവാങ്ങി "എഴുത്തുകാരെ നിങ്ങൾ ആരുടെ പേരിലാണ്" എന്ന് ഗോർഖിയുടെ ചോദ്യം ആവർത്തിച്ചാൽ ഏതുകാലത്തും ഒ.എൻ.വി.യുടെ മറുപടി ഒന്നുതന്നെയായിരുന്നു, അദ്ദേഹം മനുഷ്യന്റെ പക്ഷത്തായിരുന്നു. ഒ.എൻ.വി.യുടെ ഈ തത്വശാസ്ത്രത്തിന്റെ പ്രതിഫലനം തന്നെയായിരുന്നു അദ്ദേഹം അവസാനമായി പങ്കെടുത്ത പൊതുചടങ്ങ്. നിശാഗന്ധിയിൽ കഴിഞ്ഞ മാസം 15-ാം തീയതി സ്വരലയ സംഘടിപ്പിച്ച വിശ്രുത ഗസൽ ഗായകൻ ഗുലാം അലിയുടെ ഗസൽ രാവിനാണ് ഒ.എൻ.വി. തന്റെ സാന്നിദ്ധ്യം പകർന്നത്. അസഹിഷ്ണുതയ്ക്കെതിരായി മതസഹിഷ്ണുതയുടെ

വിശുദ്ധികൊണ്ട് തീർത്ത സാംസ്കാരിക പ്രതിരോധമായിരുന്നു ഗുലാം അലിയുടെ ആ ഗസൽ രാവ്. അങ്ങനെ ഒ.എൻ.വി. പങ്കെടുത്ത അവസാന ചടങ്ങിലും യാദൃശ്ചികമായ അർത്ഥദീപ്തി ഉണ്ടായിരുന്നു. പതിതന്റെയും പടവെട്ടുന്നവന്റെയും പക്ഷത്തുനിന്ന് അഭിമാനത്തോടെ ഹൃദയത്തിൽത്തട്ടി പറഞ്ഞുകൊണ്ടാണ് ഒ.എൻ.വി. കാവ്യ വിഹായസ്സിൽ വിഹരിച്ചത്. അങ്ങനെ മനുഷ്യനെയും അവന്റെ വ്യഥകളെയും ഹൃദയപക്ഷത്ത് പ്രതിഷ്ഠിച്ച ഒ.എൻ.വി.യുടെ ഓർമ്മകൾക്കുമുന്നിൽ ആദരവോടെ ഞാൻ ശിരസ്സ് നമിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇവിടെ അങ്ങും മുഖ്യമന്ത്രിയും ബഹുമാന്യനായ പ്രതിപക്ഷനേതാവുമൊക്കെ പറഞ്ഞ കാര്യം വസ്തുതതന്നെയാണ്. ഈ ചരമോപചാരംപോലും വളരെ അപൂർവ്വവും ഒരുപക്ഷെ വളരെ അസാധാരണവുമാണ്. അധികാരസ്ഥാനത്തോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാനങ്ങളിലോ ഒന്നും വരാത്ത ഈ മഹദ്വ്യക്തി ഇന്ന് നമ്മെ വിട്ടുപിരിഞ്ഞപ്പോൾ ഓരോ മലയാളിയും വാസ്തവത്തിൽ ദുഃഖിക്കുകയാണ്. അദ്ദേഹത്തിന്റെ തത്വശാസ്ത്രം കവിതകളായാണ് അവതരിച്ചതെന്നേയുള്ളൂ. പറഞ്ഞതുമുഴുവൻ ഈ പ്രകൃതിയെയും മനുഷ്യനെയും അതുപോലെതന്നെ നമ്മെയും അനുദിനം ബാധിച്ചുകൊണ്ടിരിക്കുന്ന അനവധി

വിഷയങ്ങളാണ്. അത് വളരെ ഹൃദയഹാരിയായ രൂപത്തിൽ ഓരോ സാധാരണക്കാരന്റെയും മനസ്സിൽ തങ്ങിനിൽക്കത്തക്കനിലയിൽ അദ്ദേഹം ഗാനങ്ങളായും കാവ്യങ്ങളായും മനോഹരമായി അവതരിപ്പിച്ചിരുന്നു. അദ്ദേഹത്തിന് മരണം സംഭവിച്ചപ്പോൾ ഈ സമയത്ത് ജീവിച്ചിരുന്ന ഒരു മഹദ്വ്യക്തി നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു, തനിക്കുതന്നെ വലിയ നഷ്ടം സംഭവിച്ചിരിക്കുന്നുവെന്നുള്ള തരത്തിലാണ് ഓരോരുത്തരും ഇതിനെ വിലയിരുത്തിയത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബാല്യംകാലം മുതൽ ഒ.എൻ.വി.യുടേതാണ് എന്നുപോലുമറിയാതെ നമ്മളൊക്കെ മൂളിക്കൊണ്ടിരുന്ന, ഓർമ്മയിൽ തങ്ങിനിൽക്കുന്ന അനവധി ഗാനങ്ങൾ എന്നും അദ്ദേഹത്തിന്റെ അനശ്വര സ്മരണയായി വീണ്ടും നമ്മൾ സ്മരിച്ചുകൊണ്ടിരിക്കും. തീർച്ചയായും ഈ സഭ നൽകുന്ന ഈ ആദരവിൽ നമ്മളാണ് ബഹുമാനിതരാകുന്നത്. ഇത്രയും വലിയ മഹദ് വ്യക്തിയെ ആദരിക്കാൻ അവസരമുണ്ടായി, നമ്മുടെ കാലത്ത് കാണാനവസരമുണ്ടായി എന്നുള്ളത് നമ്മെയാണ് ബഹുമാനിതരാക്കുന്നത്. ഞാനും അങ്ങയുടെ അഭിപ്രായത്തോടൊപ്പംചേർന്ന് എന്റെ ആദരവ് പ്രകടിപ്പിക്കുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, പ്രതിപക്ഷനേതാവ് ഉൾപ്പടെ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. മലയാളത്തിന്റെ

പ്രിയകവി ഒ.എൻ.വി.കുറുപ്പിന്റെ നിര്യാണം മലയാളത്തിൽ മാത്രമല്ല ഈ രാജ്യത്തിനാകെതന്നെ ഏറ്റവും വലിയ വേദനയുണ്ടാക്കിയിട്ടുണ്ട് എന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ നടത്തിയ പ്രഖ്യാപനം, വിദ്യാർത്ഥി ജീവിത കാലഘട്ടംമുതൽ ജീവിതാന്ത്യംവരെയുള്ള അദ്ദേഹത്തിന്റെ എഴുത്തിലും പ്രഭാഷണങ്ങളിലും എല്ലാം മുഴങ്ങിക്കേട്ട ശബ്ദം നമ്മുടെ സമൂഹത്തിന്റെ മുന്നോട്ടുള്ള യാത്രയ്ക്കും ഈ സമൂഹത്തിന്റെ പുരോഗതിക്കും സാമൂഹ്യമാറ്റത്തിനും വേണ്ടിയുള്ളതായിരുന്നുവെന്ന് അതിലേയ്ക്കൊന്ന് തിരിഞ്ഞുനോക്കിയാൽ നമുക്ക് കാണാൻ കഴിയുന്ന കാര്യമാണ്. 1940-കളിൽ അന്നീ രാജ്യത്തുണ്ടായ ആദ്യത്തെ വിദ്യാർത്ഥി പ്രസ്ഥാനമായ എ.ഐ.എസ്.എഫ്.-ലൂടെ അദ്ദേഹം രംഗത്തുവരികയും നമ്മുടെ നാടിന്റെ മാറ്റത്തിനുവേണ്ടിയുള്ള അതിശക്തമായ ശബ്ദമുയർത്തിക്കൊണ്ട് വിദ്യാർത്ഥിജീവിത കാലഘട്ടവും അദ്ധ്യാപക ജീവിത കാലഘട്ടവും കവി, ഗാനരചിയതാവ് എന്നനിലയിലൊക്കെത്തന്നെ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ഈ ഭൂമണ്ഡലമാകെ പരത്താൻ അദ്ദേഹം നടത്തിയ ശ്രമമാണ് തിരിഞ്ഞുനോക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. കെ.പി.എ.സി.-എന്ന പ്രസ്ഥാനത്തിന് നാടകത്തിന് നൽകിയിട്ടുള്ള സംഭാവന, ചലച്ചിത്ര രംഗത്ത് നൽകിയിട്ടുള്ള സംഭാവന, ഇതെല്ലാമെടുത്ത് നോക്കിയാൽ ഒരു കാര്യം നമുക്കുറപ്പിച്ചുപറയാൻ കഴിയും

മലയാളത്തിൽ ഒരു കാലത്തും മറക്കാൻ സാധിക്കാത്ത വിധമുള്ള കാവ്യഭാവന, എല്ലാ അർത്ഥത്തിലും ഉയർത്തിക്കാണിച്ചിട്ടുള്ള മഹാനായ ആ കവിയുടെ നിര്യാണം നമ്മുടെ നാട്ടിനും നമ്മുടെ ജനതയ്ക്കും വലിയ നഷ്ടമാണ് വരുത്തിവച്ചിരിക്കുന്നത്. തീർച്ചയായും ഈകാര്യത്തിൽ അങ്ങ് പ്രകടിപ്പിച്ച വികാരത്തിൽ പങ്കുച്ചേരുകയും എന്റെയും എന്റെ പാർട്ടിയുടെയും ദുഃഖം ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. അതിനുമുമ്പിൽ ഞാൻ തലകുനിക്കുന്നു.

ശ്രീ. കെ. എം. മാണി : സർ, ഭാരതീയ കാവ്യസംസ്കാരത്തിന്റെ ചൈതന്യവും വിപ്ലവ ആശയങ്ങളുടെ വീര്യവും സമന്വയിപ്പിച്ച ഒരു വ്യക്തിയായിരുന്നു ഒ.എൻ.വി. ജ്ഞാനപീഠം തുടങ്ങിയ ദേശീയ അംഗീകാരം നേടിയിട്ടുള്ള ഒ.എൻ.വി. ദേശീയ രംഗത്ത് ആദരിക്കപ്പെടുന്ന ദേശീയ കവിയാണ്. അങ്ങനെയുള്ള ഒരു മഹാകവിയെയാണ് കേരളത്തിന് നഷ്ടപ്പെട്ടത്. ഇത് നമുക്കെല്ലാം തീരാത്തൊരു നഷ്ടമാണ് വരുത്തിവച്ചിട്ടുള്ളത്. മാനവസ്നേഹത്തിന്റെ മൂർത്തീഭാവവും മാനവസ്നേഹത്തിനുവേണ്ടി പോരാട്ടം നടത്തിയ സ്നേഹഗായകനുമായിരുന്നു ഒ.എൻ.വി. എന്ന് ഞാൻ വിശേഷിപ്പിക്കട്ടെ. അദ്ദേഹത്തിന്റെ രണ്ടാമത്തെ കാവ്യസമാഹാരത്തിന്റെ പേരുതന്നെ "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നാണ്. ആ നിലയ്ക്ക് അദ്ദേഹം പ്രകാശിപ്പിച്ച ആ സ്നേഹം എത്രയോ മഹത്തരമായിരുന്നു

എന്നുഞാൻ ഓർക്കുകയാണ്. പാർശ്വവത്ക്കരിക്കപ്പെട്ട ആളുകൾക്കുവേണ്ടിയാണ് അദ്ദേഹം മുഖ്യമായും കവിത എഴുതിയത്. മലയാളത്തെ പ്രത്യേകിച്ച് പ്രകൃതിയേയും പൂക്കളേയും പുഴകളേയും അദ്ദേഹം സ്നേഹിക്കുകയുണ്ടായി. അങ്ങനെ പ്രകൃതിയെ സ്നേഹിച്ച ഒരു കവിയായും പകയുടെയും വിദ്വേഷത്തിന്റെയും നെരിപ്പോടിൽ എരിയുന്ന വർത്തമാനകാല മലയാളികൾക്ക് സ്നേഹത്തിന്റെ വിളക്ക് നൽകിയത് അദ്ദേഹമാണ്. ആ നിലയ്ക്ക് ഞാൻ അദ്ദേഹത്തെ കാണുകയാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് ഒരു പുതിയ നിർവ്വചനം അദ്ദേഹം നൽകുകയുണ്ടായി. "ഭൂമിക്കൊരു ചരമഗീതം" ഇതിനൊരു ഉദാഹരണമാണ്. മലയാളിയെ സർവ്വ ജനകീയമാക്കിയ മലയാളത്തിന്റെ പിതാവാണ് ഒ.എൻ.വി. സ്മാരകങ്ങൾ നിർമ്മിക്കുന്നതിലൂടെയല്ല അദ്ദേഹത്തെ നമുക്ക് സ്മരിക്കാൻ കഴിയുന്നത്. അതിലുപരി അദ്ദേഹം നിലകൊണ്ട പ്രകൃതിയെയും പരിസ്ഥിതിയെയും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുവാൻ നമുക്ക് കഴിയുന്നുവെങ്കിൽ അതാണ് അദ്ദേഹത്തിന് നൽകാവുന്ന ഏറ്റവും വലിയ സ്മാരകം എന്നുഞാൻ പറയട്ടെ. മലയാളത്തിന് ക്ലാസിക്കൽ പദവി നേടിത്തരാൻ സഹായിച്ച മഹാകവി ഒ.എൻ.വി. നമ്മുടെ സ്വന്തമായി നാം കാണുകയാണ്. ഒ.എൻ.വി.യുടെ വേർപാട് മലയാള കവിതയുടെ ഒരു യുഗം അവസാനിപ്പിക്കുന്നു. എല്ലാ മലയാളിയും ഇന്ന് ഹൃദയത്തിൽ

പാടുന്നത് ഒന്നുമാത്രമാണ്. അദ്ദേഹംതന്നെ പാടിയ ഒരു ഈരടിയോടുകൂടി എന്റെ അനുസ്മരണം ഞാൻ അവസാനിപ്പിക്കുകയാണ്.

വരിക ഗന്ധർവ്വഗായകാ വീണ്ടും

വരിക കാതോർത്തുനിൽക്കുന്നു കാലം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, മലയാള മണ്ണിനേയും ഭാഷയേയും സ്നേഹിച്ച ഒ.എൻ.വി.സാറിന്റെ വിയോഗം ഏതൊരു മലയാളിയും വളരെ വേദനയോടുകൂടിയാണ് ശ്രവിച്ചത്. ആറുപതിറ്റാണ്ടിലേറെക്കാലം കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന ഒരു വ്യക്തിത്വമായിരുന്നു ഒ.എൻ.വി സാറിന്റേത്. തന്റെ ശിഷ്യരെ അതിരറ്റ് സ്നേഹിച്ച ഒരു മാതൃകാ അദ്ധ്യാപകൻ, സാമൂഹ്യ വിമർശനത്തോടുകൂടി വ്യക്തമായ പ്രഭാഷണം നടത്തിയ ഒരു പ്രഭാഷകൻ, മികവുറ്റ മനുഷ്യസ്നേഹി എന്നീ നിലകളിൽ ഒ.എൻ.വി. സാർ ഇന്നും സ്മരിക്കപ്പെടുകയാണ്. സാറിന്റെ കവിതകൾ, നാടകഗാനങ്ങൾ, ലളിതഗാനങ്ങൾ, അനശ്വരങ്ങളായ ചലച്ചിത്രഗാനങ്ങൾ ഇവയൊക്കെ സാറിനെ അനശ്വരനാക്കിത്തീർക്കും എന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ജീവന്റെ തുടിപ്പുകൾ നിലനിൽക്കുന്നതിനും അവയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഈ മനോഹരഭൂമിയും പ്രപഞ്ചമാകത്തന്നെയും സംരക്ഷിച്ച് നിലനിറുത്തണമെന്നുള്ള

ഉദാത്തമായ മൂല്യം കവിതകളിലൂടെ പ്രചരിപ്പിച്ച ഒരു മഹാകവിയായിരുന്നു ഒ.എൻ.വി. സാർ എന്നത് ഞാൻ സ്മരിക്കുകയാണ്. ഭൂമിയെയും ഭൂമിയിലെ വിഭവങ്ങളെയും അമിതമായി ചൂഷണം ചെയ്യുന്ന പ്രവണതകൾ അവസാനിപ്പിക്കാനുള്ള ആഹ്വാനം അദ്ദേഹത്തിന്റെ എല്ലാ രചനകളിലുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ രചനകളിൽ അവസാനിക്കുന്നതായിരുന്നില്ല. സൈലന്റ്‌വാലി സംരക്ഷിക്കുന്നതുൾപ്പെടെ ആറന്മുള വിമാനത്താവള പദ്ധതിയിലടക്കം അദ്ദേഹമെടുത്ത നിലപാട് തന്റെ രചനകളിൽ മാത്രം അവസാനിപ്പിക്കുന്നതല്ല. സാമൂഹിക പ്രതിബദ്ധതയോടെ എല്ലാ തലങ്ങളിലും സജീവമായി ഇടപെട്ട് പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നത് നമ്മെയെല്ലാം ഓർമ്മിപ്പിക്കുകയാണ്. അദ്ദേഹത്തിന് ഒരു വ്യക്തമായ പ്രത്യയശാസ്ത്ര ബോധമുണ്ടായിരുന്നു. അന്നവും വസ്ത്രവും കിടക്കാൻ ഇടവും ഈ മണ്ണിൽ പിറന്നവർക്കെല്ലാം ഒന്നുപോലെ കിട്ടുന്ന ഒരു സാമൂഹിക-സാമ്പത്തിക വ്യവസ്ഥയ്ക്കുവേണ്ടി അദ്ദേഹം എന്നും പോരാടിയിരുന്നു. മലയാളഭാഷയ്ക്ക് ശ്രേഷ്ഠപദവി നേടിയെടുക്കാനും മലയാളത്തിന്റെ പ്രസക്തിയും മഹത്വവും ഉന്നതങ്ങളിലെത്തിക്കുവാനുംവേണ്ടി അക്ഷീണം പ്രവർത്തിച്ച ഒരു ഭാഷാസ്നേഹിയാണ് ഒ.എൻ.വി. സാർ എന്നത് ഞാൻ പ്രത്യേകമായി

സ്മരിക്കുകയാണ്. കാറൽമാർക്സിന്റെ ശവകുടീരം സന്ദർശിച്ച് ഒ.എൻ.വി. സാർ ഇപ്രകാരം കുറിച്ചിട്ടു, "ശവകുടീരത്തിൽ നീ ഉറങ്ങുമ്പോഴും ഇവിടെ നിൻവാക്ക് ഉറങ്ങാതിരിക്കും." ഒ.എൻ.വി. സാറിന്റെ വാക്കുകൾ ഉറങ്ങാതിരിക്കുന്നവയാക്കി മാറ്റിയെടുക്കാൻ നമുക്ക് യത്നിക്കാം. അർത്ഥവത്തായ ആദരാഞ്ജലി അങ്ങനെ അദ്ദേഹത്തിന് സമർപ്പിക്കാം. എന്റെയും എന്റെ പാർട്ടിയുടെയും പ്രണാമം ഞാൻ അർപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാവ്യസാഹിത്യത്തെ ജനപ്രീതമാക്കുകയും ഗാനസാഹിത്യത്തെ കാവ്യഗംഭീരത്തിലേക്കുയർത്തുകയും മാതൃഭാഷയുടെ കാവൽഭടനായി നിലയുറപ്പിക്കുകയും ചെയ്ത മഹാനായ ഒ.എൻ.വി. അക്ഷരാർത്ഥത്തിൽ ഒരു ബഹുമുഖ പ്രതിഭയായിരുന്നു. വിശ്വമാനവികതയും പ്രപഞ്ചമഹിമയും സർവ്വമാന മനുഷ്യരെയും തന്റെ കവിതകളിലൂടെ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലേയ്ക്കെത്തിച്ച ജ്ഞാനപീഠ ജേതാവിന്റെ കൃതികൾ ഹരിതസമൃദ്ധമാണ്. നാടകഗാനങ്ങളും ചലച്ചിത്രഗാനങ്ങളും ലളിതഗാനങ്ങളുംകൊണ്ട് മാണിക്യ വീണമീട്ടിയ സർഗ്ഗാത്മാവ് മലയാള സാഹിത്യ ലോകത്തിലുണ്ടാക്കിയിരിക്കുന്ന വിടവ് അടുത്തകാലത്തൊന്നും നികത്തുവാൻ

കഴിയുമെന്ന് തോന്നുന്നില്ല. അനേകം ദശാബ്ദങ്ങൾ കഴിഞ്ഞാലും ഒ.എൻ.വി. കവിതയുടെ തേജസ്സിന് യാതൊരു മങ്ങലുമേൽക്കില്ല. ആ മഹാനായ കവിയെക്കുറിച്ച് പറയാൻ ഒരുപാട് കാര്യങ്ങളുണ്ട്. പക്ഷെ ഞാൻ ഈ സമയം അതിനുപയോഗിക്കുന്നില്ല. മലയാളത്തിൽ ഏറ്റവും അധികം വായനക്കാരുള്ള കവി ഒ.എൻ.വി. മാത്രമാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ജീവിതത്തിന്റെയും പ്രകൃതിയുടെയും മനുഷ്യന്റെയും പാട്ടുകാരന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിറുത്തുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അന്തരിച്ചുപോയ കേരളത്തിന്റെ മഹാനായ കവി ഒ.എൻ.വി.കുറുപ്പിനെക്കുറിച്ച് താങ്കളും ഇവിടെ സംസാരിച്ച മറ്റ് അംഗങ്ങളും പറഞ്ഞ കാര്യങ്ങൾ ഞാൻ ഒരിക്കൽകൂടി ഓർക്കുകയാണ്. അനന്തപുരിയുടെ മഹാപ്രതിഭയായിരുന്ന ഒ.എൻ.വി. മലയാളത്തിന്റെ കാവ്യനീതി എന്തായിരിക്കണമെന്ന് എല്ലാപേരെയും പാടിയും എഴുതിയും പഠിപ്പിച്ച പരിണിതപ്രജ്ഞനായ കവി, അദ്ദേഹത്തിന്റെ താരാട്ട് പാട്ടുകൾ ചുരുങ്ങിയത് മൂന്ന് തലമുറയിലെയെങ്കിലും അമ്മമാർ കുട്ടികളെ പാടി ഉറക്കിക്കൊണ്ടിരിക്കുകയാണ്. തെളിനീരിന്റെ വിശുദ്ധിയും നറുതേനിന്റെ മാധുര്യവും കണ്ണീരിന്റെ ഉപ്പും ഒ.എൻ.വി കവിതകളിൽ സമമായി സമ്മേളിച്ചിട്ടുണ്ട് എന്ന് ആ കാവ്യസപര്യയിലൂടെ

കടന്നുപോകാൻ ശ്രമിച്ച ആർക്കും ബോധ്യമാകും. പുരോഗമന ആശയങ്ങളുടെ സൂക്ഷിപ്പുകാരനായി സന്ദേശവാഹകനായി സാമൂഹ്യമാറ്റങ്ങളെ ത്വരിപ്പിക്കുന്നതിൽ തന്റെ ജീവിതം ആവശ്യമായ ഘട്ടങ്ങളിലെല്ലാം പ്രയോജനപ്പെടുത്തിയ സാമൂഹ്യ പരിഷ്കർത്താവ് എന്നുവേണമെങ്കിൽ ഒ.എൻ.വി. യെ വിശേഷിപ്പിക്കുന്നതിൽ തെറ്റുണ്ട് എന്നെനിക്ക് തോന്നുന്നില്ല. പോയകാലത്തിന്റെ മധുരസ്മരണകളും വിപ്ലവത്തിന്റെ അഗ്നിജ്വാലകളും തന്റെ കവിതകളിലൂടെ ഒ.എൻ.വി. പ്രോജ്ജ്വലിപ്പിക്കുകയുണ്ടായി. ഇന്നുരാവിലെ ശാന്തികവാടത്തിൽ ചെന്ന് അദ്ദേഹത്തിന്റെ ഭൗതികശരീരം കണ്ട് മടങ്ങുമ്പോൾ ഒരുവട്ടംകൂടി ഇനി ആ മുഖം കാണാനാവില്ലല്ലോ എന്ന് നൊമ്പരപ്പെട്ടു. എപ്പോഴും വിശുദ്ധിയുടെ പ്രതീകമായി ഈ തലമുറയിൽ ജീവിച്ച ഒ.എൻ.വി.സാറിന്റെ ദീപ്തസ്മരണകൾക്കുമുമ്പിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, അങ്ങും സഭാനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. ചവറയുടെ മണ്ണിൽ ജനിച്ച് മലയാളികളുടെയാകെ അഭിമാനമായി മാറിയ ഒരു മഹദ്‌വ്യക്തിയാണ് നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നത്. വിദ്യാർത്ഥിയായിരുന്ന കാലഘട്ടം മുതൽ തൊഴിലാളി പ്രസ്ഥാനങ്ങളോട് ആഭിമുഖ്യം

പുലർത്തിയിരുന്ന ഒരു വ്യക്തിയാണ്. അദ്ദേഹത്തിന്റെ കാവ്യാത്മകത രൂപപ്പെട്ടതുതന്നെ ചവറയിലെ കരിമണൽത്തൊഴിലാളികളുടെയും കയർത്തൊഴിലാളികളുടെയും അതിദയനീയമായ സ്ഥിതിഗതികൾ വീക്ഷിച്ചുകൊണ്ടാണ്. അന്ന് തുടങ്ങിയ രചനകൾ അദ്ദേഹത്തെ ജ്ഞാനപീഠ ജേതാവായി വരെ വളർത്തിയത് മലയാളികളെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനമാണ്. കൊല്ലം ശങ്കരമംഗലം സ്കൂളിലാണ് അദ്ദേഹം പത്താം ക്ലാസ് വരെ പഠിച്ചത്. അതിനുശേഷം ഇന്റർമീഡിയറ്റ് തിരുവനന്തപുരത്തും വീണ്ടും കൊല്ലം എസ്.എൻ. കോളേജിലുമായൊക്കെയാണ് പഠനം പൂർത്തിയാക്കിയത്. ഈ കാലയളവിലൊക്കെ കഷ്ടതയനുഭവിക്കുന്ന; ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു സമൂഹത്തിനുവേണ്ടിയുള്ള പോരാട്ടമാണ് അദ്ദേഹം നടത്തിയത്. സാമൂഹ്യമാറ്റത്തിനുവേണ്ടി ഒരു തലമുറയിലെ സാഹിത്യകാരന്മാർ നിലകൊണ്ടപ്പോൾ അക്കൂട്ടത്തിൽ പ്രഥമസ്ഥാനത്തുനിന്ന മഹദ്‌വ്യക്തിയാണ് ഒ.എൻ.വി. ഇവിടെ ശ്രീ. എ. കെ. ശശീന്ദ്രൻ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ കൃതികളിൽ...., വിദ്യാർത്ഥിയായിരിക്കുമ്പോൾ എന്റെ നാവിൻ തുമ്പിൽ വന്ന പാട്ടാണ് ഒരു വട്ടം കൂടിയെൻ... എന്നുള്ളത്. അത് അവസാനിക്കുന്നത്

"......... വെറുതേ ഈ മോഹങ്ങൾ എന്നറിയുമ്പോഴും
വെറുതേ മോഹിക്കുവാൻ മോഹം"

എന്നു പറഞ്ഞതുപോലെ ഒ.എൻ.വി. കുറുപ്പ് എന്നും നമ്മുടെ കൂടെയുണ്ടാകുമെന്ന മോഹത്തോടുകൂടി ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ലോകമെമ്പാടുമുള്ള മലയാളികളുടെ ദു:ഖത്തിൽ, ഇന്ന് ഈ സഭയും സഭാനാഥനായ അങ്ങും സഭാനേതാക്കളും അംഗങ്ങളുമെല്ലാം ഒരുമിച്ച് പങ്കുചേരുകയാണ്. വളരെ ചെറിയ പ്രായത്തിൽ കവിതാരംഗത്ത് പ്രവേശിക്കുകയും മനോഹരമായ അനേകം കവിതകൾ രചിച്ചുകൊണ്ട് മലയാളികളുടെ മനസ്സിൽ വിപ്ലവത്തിന്റെ വിത്തുകൾ വാരിവിതറുകയും ചെയ്ത മഹാകവിയായിരുന്ന ഒ.എൻ.വി. കുറുപ്പ്. മനുഷ്യർ എപ്പോഴും പറയാനാഗ്രഹിക്കുന്ന വരികൾ

"ഒരു വട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം"

നമ്മളെല്ലാവരും മനസ്സിൽ പറയുമെങ്കിലും അത് പാടുവാൻ കഴിഞ്ഞ ജീനിയസ്സായിരുന്ന ഒ.എൻ.വി. കുറുപ്പ്. അദ്ദേഹം പാടിയപ്പോഴാണ് ഇങ്ങനെ ഒരു വരികളുണ്ടായിരുന്നല്ലോ എന്ന് നമ്മൾ ഓർത്തത്. അത്രത്തോളം പ്രത്യേകതകളുള്ള വരികളായിരുന്നു അദ്ദേഹത്തിന്റേത്. സിനിമാ-സംഗീത രംഗത്തിലൂടെ ജനങ്ങളുടെ മനസ്സിൽ ഏറ്റവും പ്രശസ്തമാകുന്നതിനു മുമ്പ് കെ.പി.എ.സി.-യിലൂടെയും കാളിദാസ

കലാകേന്ദ്രത്തിലൂടെയും സാധാരണ ജനങ്ങളുടെ മനസ്സിൽ പാടാൻ കഴിയുന്ന വരികളും ആവേശവും പകർന്നു നൽകിയ മഹാകവിയായിരുന്നു അദ്ദേഹം. ദേവരാജൻ മാസ്റ്റർ, എം.ബി. ശ്രീനിവാസൻ, സലിൽ ചൗധരി, ബോംബെ രവി ഇന്നത്തെ തലമുറയിലെ എം. ജയചന്ദ്രൻ അടക്കമുള്ള പുതുതലമുറക്കാരടക്കമുള്ളവരുമായും സംഗീതത്തിൽ വ്യത്യസ്തത പുലർത്തുന്ന സംഗീത സംവിധായകരുടെ സംഗീതവുമായി അദ്ദേഹത്തിന്റെ വരികൾ പൊരുത്തപ്പെടുത്തിയെടുക്കുവാനും കാലത്തിനതീതമായി പല പല തലമുറകളിലുള്ള, പല പല ശൈലികളുള്ള സംഗീതവുമായി പൊരുത്തപ്പെട്ട് കവിതകൾ രചിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞുവെന്നതാണ് ആ മഹാപ്രതിഭയുടെ അത്ഭുതകരമായ കഴിവ്. തീർച്ചയായും നമ്മൾ അദ്ദേഹത്തോടൊപ്പം ജീവിച്ചുവെന്ന് പറയുന്നത് ഒരു ഭാഗ്യമാണ്. ഒരു നല്ല വ്യക്തി എന്നനിലയിൽ അദ്ദേഹത്തിന്റെ രക്തത്തിലും മനസ്സിലും വാക്കുകളിലും അലിഞ്ഞുചേർന്നിരുന്നത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്, മനുഷ്യസ്നേഹം, രണ്ട്, ഈ മണ്ണിനോടുള്ള സ്നേഹം, മൂന്ന്, മലയാളത്തോടുള്ള സ്നേഹം. ഇടക്കാലത്ത് അദ്ദേഹത്തെ കാണുമ്പോഴെല്ലാം ഓർമ്മിപ്പിക്കുന്ന ഒരു കാര്യം - മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യമെന്നതാണ്. മലയാളത്തെ സ്നേഹിക്കുന്ന ഒരുപാട് സാഹിത്യകാരോടൊപ്പം

അവർക്ക് നേതൃത്വം കൊടുത്തുകൊണ്ട് മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വിസ്മരിക്കാൻ കഴിയുന്നതല്ല. കലാമണ്ഡലം ഒരു സർവ്വകലാശാലയാക്കുന്ന കാര്യം, അതുപോലെ മലയാള സർവ്വകലാശാലയുടെ കാര്യത്തിലുമൊക്കെ അദ്ദേഹം നൽകിയ മാർഗ്ഗനിർദ്ദേശം, നേതൃത്വം ഇതൊന്നും മലയാളിക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയുന്നതല്ല. പുതിയ പുതിയ കവിതകളും ഗാനങ്ങളും കേൾക്കാൻ അവസരമില്ലാതെ വരുമ്പോൾ അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ എന്ന് അദ്ദേഹത്തെക്കുറിച്ച് മലയാളികൾ മോഹിച്ചുപോകും. ആ മാരിവില്ലിന്റെ തേൻമലരുടെ കവിതകളെല്ലാം കേട്ട് മതിവരുന്നതിനുമുമ്പ് നമ്മുടെ മുന്നിൽ നിന്ന് മാഞ്ഞുപോയി. ആ മാഞ്ഞുപോയ ആത്മാവിനു മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ട്; അദ്ദേഹത്തിന്റെ കുടുംബത്തെയും അദ്ദേഹത്തിന്റെ വേർപാടിലൂടെ വേദനിക്കുന്ന ലോകത്തിലെ മുഴുവൻ മലയാളികളുടെയും ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ട് ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കവിതകളിലൂടെയും ഗാനങ്ങളിലൂടെയും മലയാളികളെ ഇത്രയധികം സ്വാധീനിച്ച മറ്റൊരു വ്യക്തിയുമുണ്ടാകുകയില്ല.

പുരസ്കാരങ്ങൾ ഒ.എൻ.വി.-യെ കൂടുതൽ വിനയാന്വിതനാക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ ജീവിതം ഉദാത്തമായ ഒരു കാവ്യഗ്രന്ഥമായി കണക്കാക്കുവാൻ കഴിയും. പ്രണയഭാവം അദ്ദേഹത്തിന്റെ വരികളിൽ നിറഞ്ഞുനിന്നിരുന്ന പ്രത്യേകത തന്നെയാണ്. വലിയ ഭാഷാസ്നേഹിയായി നമുക്ക് അദ്ദേഹത്തെ കണക്കാക്കുവാൻ കഴിയും. മലയാള ഭാഷയെ ഇത്രയധികം ഉൾക്കൊണ്ട ഒരു വ്യക്തി; പ്രകൃതിസ്നേഹി എന്നുള്ള നിലയിലും സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യമായും അദ്ദേഹത്തെ കാണുവാൻ കഴിയും. അദ്ദേഹത്തിന്റെ വരികൾ തന്നെയായിരിക്കും അദ്ദേഹത്തിന്റെ നിത്യസ്മാരകം. മലയാളികളുള്ളിടത്തോളം, എത്ര തലമുറകൾ കഴിഞ്ഞാലും അദ്ദേഹം സ്മരിക്കപ്പെടും എന്നതൊരു യാഥാർത്ഥ്യമാണ്. എന്റെ വിദ്യാർത്ഥി കാലഘട്ടത്തിൽ കോളേജ് യൂണിയൻ എഡിറ്റർ എന്ന നിലയിൽ അദ്ദേഹത്തിന്റെ കൈയിൽ നിന്ന് പുരസ്കാരം വാങ്ങുവാൻ കഴിഞ്ഞ ഒരു സന്ദർഭത്തെ എന്റെ ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങളിലൊന്നായി ഇന്നും ഞാൻ കണക്കാക്കുകയാണ്. എന്റെ പൊതുജീവിതത്തിൽ അതെനിക്ക് നൽകിയ പ്രോത്സാഹനവും വളരെ വളരെ വലുതായിരുന്നു. അദ്ദേഹത്തിന്റെ തുറന്ന സമീപനങ്ങൾ ആരെയും സ്വാധീനിക്കുന്ന ഒന്നുതന്നെയായിരുന്നു. ഇന്ന് ഓരോ മലയാളികളുടെയും ദു:ഖം നമുക്ക് കാണുവാൻ കഴിയും, ആ വലിയ തീരാനഷ്ടം

എന്നും നമ്മുടെ മനസ്സുകളിൽ നിറഞ്ഞു നിൽക്കും. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദു:ഖത്തോടൊപ്പം പങ്കുചേർന്നുകൊണ്ട് എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം ഞാൻ രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: അന്തരിച്ച മഹദ്‌വ്യക്തിയോടുള്ള ആദരസൂചകമായി അല്പസമയം നമുക്ക് എഴുന്നേറ്റു നിൽക്കാം.

(അന്തരിച്ച മഹദ്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭ ഒന്നടങ്കം അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

ഈ സഭ പിരിഞ്ഞാലുടൻതന്നെ കാര്യോപദേശക സമിതിയുടെ ഒരു യോഗം ഉണ്ടായിരിക്കുന്നതാണ്.

ഓർഡർ, ഓർഡർ......, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 16-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12.09-ന് പിരിഞ്ഞു.)

*************